(സി) അതിന്റെ കാലാവധി എന്നവസാനിച്ചു;

(ഡി) കാലാവധി അവസാനിച്ചതിനുശേഷം റൂട്ട് പെർമിറ്റ് നീട്ടിക്കൊടുക്കുന്നതിനായി നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(ഇ) ഗവൺമെന്റ് ധനസഹായത്താൽ വാങ്ങിയിട്ടുള്ള പ്രസ്തുത ബസ്സിന് സർവ്വീസ് നടത്താൻ എത്രയുംവേഗം ഒരു സ്ഥിരം റൂട്ട് അനുവദിച്ചുകൊടുക്കുന്നതിനാവശ്യമായ അടിയന്തിര നടപടി ഗവൺമെന്റ് കൈക്കൊള്ളുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ബസ്സിന് താഴെപറയുന്ന രീതിയിൽ സബ്സ്റ്റിറ്റ്യൂട്ട് ടെമ്പററി പെർമിറ്റും, ടെമ്പററി പെർമിറ്റും നൽകിയിട്ടുണ്ട്.

കാലയളവ്	റൂട്ട്
സബ്സ്റ്റിറ്റ്യൂട്ട് ടെമ്പററി പെർമിറ്റ്	
6–1–1986 മുതൽ 8–1–1986 വരെ	കൊട്ടാരക്കര—കൊല്ലം
9–1–1986 മുതൽ 18–1–1986 വരെ	കൊല്ലം—കുമ്പളം
28–1–1986 മുതൽ 4–2–1986 വരെ	കൊല്ലം—ആറ്റിങ്ങൽ
ടെമ്പററി പെർമിറ്റ്	
10–2–1986 മുതൽ 24–2–1986 വരെ	ശങ്കരമംഗലം—കൊട്ടാരക്കര
27–2–1986 മുതൽ 26–6–1986 വരെ	ശങ്കരമംഗലം—കൊട്ടാരക്കര
27–6–1986 മുതൽ 1–7–1986 വരെ	ശങ്കരമംഗലം—കൊട്ടാരക്കര
2–7–1986 മുതൽ 20–7–1986 വരെ	ശങ്കരമംഗലം—കൊട്ടാരക്കര
21–7–1986 മുതൽ 18–11–1986 വരെ	ശങ്കരമംഗലം—കൊട്ടാരക്കര

(ഓടിക്കൊണ്ടിരിക്കുന്നു).

(സി) ഏറ്റവും ഒടുവിൽ അനുവദിച്ച ടെമ്പററി പെർമിറ്റിന് 18–11–1986 വരെ കാലാവധി ഉണ്ട്.

(ഡി) തുടർച്ചയായി ടെമ്പററി പെർമിറ്റ് നൽകിവരുന്നുണ്ട്.

(ഇ) ഇപ്പോൾ ടെമ്പററി പെർമിറ്റ് നൽകിയിട്ടുള്ള റൂട്ടിന്റെ ചില ഭാഗങ്ങൾ കെ.എസ്.ആർ.ടി.സി. ദേശസാൽക്കരണത്തിനായി പ്രാഥമിക വിജ്ഞാപനം ചെയ്തിരിക്കുന്ന റൂട്ടുകളിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ പ്രസ്തുത റൂട്ടിൽ സ്ഥിരം പെർമിറ്റ് നൽകുവാൻ കഴിയുകയില്ല. എന്നാൽ ഏതെങ്കിലും സ്ഥിരം റൂട്ടിനുള്ള ആവശ്യകതയുടെ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിക്കുമ്പോൾ പ്രസ്തുത സൊസൈറ്റിയും അപേക്ഷിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ബോഡി, ബിൽഡിംഗ് കേന്ദ്രം

1320 [2351] ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ:
,, കോലിയക്കോട് എൻ. കൃഷ്ണൻനായർ:
,, വി.എസ്. ചന്ദ്രശേഖരൻപിള്ള:

താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ ബോഡി ബിൽഡിംഗ് കേന്ദ്രം അടച്ചുപൂട്ടിയിരിക്കുകയാണോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) അല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കരവാരം പഞ്ചായത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

1321 [2352] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ കരവാരം പഞ്ചായത്തിൽ ഗ്രാമവികസന വകുപ്പ് മുഖേന എത്തെല്ലാം പദ്ധതികൾക്കുവേണ്ടി കഴിഞ്ഞ നാലു വർഷമായി (1982–83,–1983–84, 1984–85, 1985–86) മൊത്തം എത്ര രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും അവയുടെ പ്രയോജനം എത്ര അംഗങ്ങൾക്ക് ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

വിശദവിവരങ്ങൾ അടങ്ങിയ പ്രത്യേക സ്റ്റേറ്റ്മെൻറ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്: †

കിളിമാനൂർ പഞ്ചായത്തിലെ ഗ്രാമവികസന പദ്ധതികൾ

1322 [2353] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ കിളിമാനൂർ പഞ്ചായത്തിൽ ഗ്രാമവികസന ഡിപ്പാർട്ടുമെൻറു മുഖേന എത്തെല്ലാം പദ്ധതികൾക്ക് കഴിഞ്ഞ നാലുവർഷമായി (1982–83, 1983–84, 1984–85, 1985–86) മൊത്തം എത്രരൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും അവയുടെ പ്രയോജനം എത്ര അംഗങ്ങൾക്ക് ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

വിശദവിവരങ്ങൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട്. ‡

പഴയകുന്നുമ്മേൽ പഞ്ചായത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

1323 [2354] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ പഴയകുന്നുമ്മേൽ പഞ്ചായത്തിൽ ഗ്രാമവികസന ഡിപ്പാർട്ടുമെൻറു മുഖേന എത്തെല്ലാം പദ്ധതികൾക്കുവേണ്ടി കഴിഞ്ഞ നാലുവർഷമായി (1982–83, 1983–84, 1984–85, 1985–86) മൊത്തം എത്ര രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും അവയുടെ പ്രയോജനം എത്ര അംഗങ്ങൾക്ക് ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

† അനുബന്ധം II
‡ അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly